കുടിയിറക്കുകൾ.

* 636. [38] ശ്രീ. കെ. എസ്സ്. കൃഷ്ണശാസ്ത്രി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുടിയൊഴിപ്പിക്കൽ നിരോധനബില്ല് പാസ്സായതോടുകൂടി സംസ്ഥാനത്തുണ്ടായ കുടിയിറക്കുകൾ എത്ര ;

(ബി) കുടിയിരിപ്പ് രജിസ്റ്റർചെയ്യുന്നതിലേക്ക് വില്ലേജ് ആഫീസർക്ക് പ്രത്യേക നിർദ്ദേശം നൽകിയിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ എപ്പോൾ; ആ നിർദ്ദേശം എന്താണ് എന്ന വ്യക്തമാക്കുമോ ?

ആഭ്യന്തരകാര്യമന്ത്രി (ശ്രീ. എ. ജെ. ജാൻ) :

(എ) ആരെയും കുടിയിറക്കിയതായി അറിവില്ല.

(ബി) ഉണ്ട്.

(സി) കുടിയിറക്ക് നിരോധന ആക്റ്റ് അനുസരിച്ചുള്ള ചട്ടങ്ങൾ ഗവണ്മെന്റിൽനിന്നും ജൂലൈ 19-ാംതീയതിയിലെ ഗസറ്റ് മുഖേന പരസ്യം ചെയ്തതിനെത്തുടർന്ന് ഉടൻതന്നെ താലൂക്ക് ആഫീസുകളിൽനിന്നും വില്ലേജ് ആഫീസർമാർക്ക് പ്രത്യേകം നിർദ്ദേശം നൽകിയിട്ടുണ്ട്. അച്ചടിച്ച ഫാറത്തിലല്ലെങ്കിൽ എഴുതിയുണ്ടാക്കിയ ഫാറത്തിലോ ടൈപ്പുചെയ്ത ഫാറത്തിലോ തയാറാക്കിയ അപേക്ഷകൾ സ്വീകരിക്കുന്നതിനും, കുടികിടപ്പുകാർക്ക് രജിസ്റ്റർചെയ്യുന്നതിനു വേണ്ട സഹായസഹകരണങ്ങൾ ചെയ്തുകൊടുക്കുന്നതിനും പ്രത്യേക നിർദ്ദേശങ്ങൾ കൊടുത്തിട്ടുണ്ട്. ആവശ്യമുള്ള ഫാറങ്ങൾ അച്ചടിച്ച് വിതരണം ചെയ്യുവാനും വേണ്ട നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.

വെള്ളക്കരം പിരിക്കുന്നതിനെപ്പറ്റി പരാതി.

* 637. [40] ശ്രീ. എം. എ. ജോർജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വെള്ളക്കരം (വാട്ടർ സെസ്സ്) പിരിക്കുന്നതിനെപ്പറ്റിയുള്ള എല്ലാ പരാതികളും ശാശ്വതമായി പരിഹരിക്കുന്നതിന് ഏതെങ്കിലും നടപടികൾ എടുക്കുവാൻ ഗവണ്മെന്റ് ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ആ നടപടികൾ എന്തെല്ലാം ?

ആരോഗ്യവകുപ്പുമന്ത്രി (ശ്രീ. കെ. സി. വേലായുധൻ) :

(എ, ബി) പരാതികളെപ്പറ്റി വേണ്ട അന്വേഷണം നടത്തി ഗവണ്മെന്റിലേക്ക് റിപ്പോർട്ട ചെയ്യുവാൻ റവന്യൂബോർഡിനോട് ആവശ്യപ്പെട്ടതനുസരിച്ച് റിപ്പോർട്ട ലഭിച്ചിട്ടുണ്ട്. ആ റിപ്പോർട്ട് ഗവണ്മെന്റിന്റെ പരിഗണനയിൽ ഇരിക്കുന്നു. ഇക്കാര്യത്തിൽ ഒരു തീരുമാനം എടുക്കുന്നതുവരെ ലിഫ്റ്റ് ഇറിഗേഷൻ പ്രദേശങ്ങളിലും പീച്ചി ജലസേചനപരിധിയിൽപ്പെട്ട ചിലേടങ്ങളിലും വെള്ളക്കരം പിരിക്കുന്നതിനുള്ള നടപടി നിറുത്തിവച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly